# മലബാർ ഗോൾഡിന്റെ ആഭരണ നിർമ്മാണ ശാലയ്ക്കെതിരെ സമരം തുടരുന്നു

**സാജിദ്.എ.കെ**

**തലതിരിഞ്ഞ** വികസനത്തിന്റെ ബാക്കിപത്രങ്ങളായ കാതിക്കുടം, പ്ലാച്ചിമട, എൻഡോസൾഫാൻ എന്നീ ദുരന്തങ്ങളുടെ പട്ടികയിലേക്ക് ഭാവിയിൽ കാക്കഞ്ചേരി എന്ന പേര് കൂടി ചേർത്ത് വായിക്കേണ്ടിവരുമോ എന്ന ഭീതിയിലാണ് മലപ്പുറം ജില്ലയിലെ കാക്കഞ്ചേരി നിവാസികൾ. ഇവിടെയുള്ള കിൻഫ്ര പാർക്കിൽ സ്ഥാപിക്കാൻ പോകുന്ന, ഗുരുതരമായ പരിസ്ഥിതി പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന മലബാർ ഗോൾഡിന്റെ ആഭരണ നിർമ്മാണശാലയ്ക്കെതിരെ നാട്ടുകാരുടെ മുൻകൈയിൽ നടക്കുന്ന പ്രക്ഷോഭം മറ്റൊരു പാരിസ്ഥിതിക ദുരന്തത്തിൽ നിന്നും കേരളത്തെ രക്ഷിക്കുന്നതിനുള്ള വലിയ ജനകീയ സമരമായി മാറിയിരിക്കുകയാണ്.

1993 ലാണ് കാലിക്കറ്റ് സർവ്വകലാശാല കൈമാറിയ സ്ഥത്ത് കിൻഫ്ര വ്യവസായ പാർക്ക് തുടങ്ങുന്നത്. ഇന്ന് ഭക്ഷ്യ സംസ്ക്കരണ അനുബന്ധ മേഖലയിൽ മുപ്പതോളം സ്ഥാപനങ്ങളും ഇരുപത്തിയാറോളം ഐ.ടി സ്ഥാപനങ്ങളും മൂവായിരിത്തിലടുത്ത് തൊഴിലാളികളും അടങ്ങുന്ന വലിയൊരു വ്യവസായ പാർക്കായി കിൻഫ്ര മാറിയിട്ടുണ്ട്. കാക്കഞ്ചേരിയിൽ ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന രണ്ട് ഏക്കർ 25 സെന്റ് സ്ഥലം പ്രൊഡക്ട് എക്സിബിഷനും സെയിൽസ് പ്രമോഷനും വേണ്ടിയുള്ള വാണിജ്യമേഖലയ്ക്കായി മാറ്റിവെച്ചതാണ്. പല വിദേശ ഐ.ടി. കമ്പനികളടക്കം സമീപിച്ചിട്ടും നൽകാത്ത സ്ഥലമാണിത്. അവിടമാണ് ഇപ്പോൾ 3 കോടി 11 ലക്ഷം രൂപയ്ക്ക് മലബാർ ഗോൾഡ് ജ്വല്ലറി ഗ്രൂപ്പിന്റെ കൈവശമെത്തിയത്. അഞ്ച് ലക്ഷം സ്ക്വയർ ഫീറ്റിൽ സ്വന്തം സ്ഥാപനം നിർമ്മിച്ചവരായിരിക്കണം, നൂറ് കോടി ആസ്തി വേണം, അഞ്ച് കൊല്ലത്തെ പ്രവൃത്തി പരിചയം വേണം തുടങ്ങിയ നിരവധി നിബന്ധനകളോടെ സർക്കാർ പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ മലബാർ ഗോൾഡ് ഗ്രൂപ്പല്ലാതെ മറ്റാരും അറിഞ്ഞില്ല എന്നത് ഇതിന് പിന്നിൽ നടന്ന വലിയ അഴിമതിയുടെ വ്യക്തമായ ചിത്രം നമുക്ക് നൽകുന്നുണ്ട്.

2013 ഒക്ടോബർ 14 ന് വ്യവസായ മന്ത്രി കുഞ്ഞാലിക്കുട്ടി, മുൻമന്ത്രി എളമരം കരീം. കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ അടക്കമുള്ളവർ പങ്കെടുത്ത തറക്കല്ലിടൽ മാമാങ്കവും ഇവിടെ നടന്നു. ചുവപ്പ് വിഭാഗത്തിൽ (റെഡ് കാറ്റഗറി) പെടുന്ന ഒരു വൻകിട വ്യവസായത്തിന് അനുമതി ലഭിക്കണമെങ്കിൽ ജനവാസമോ, സ്ഥാപനങ്ങളോ ചുറ്റും പാടില്ലെന്നിരിക്കെയാണ് സ്വർണ്ണ ശുദ്ധീകരണ ശാലയ്ക്ക് അനുമതി ലഭിക്കുന്നതും ആഘോഷങ്ങളോടെ ഉദ്ഘാടനം നടക്കുന്നതും. ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന സ്വർണ്ണ ശുദ്ധീകരണ ശാലയുടെ നൂറ് മീറ്ററിനുള്ളിൽ ആറ് വീടുകളും രണ്ട് പള്ളികളും, 36 കച്ചവട സ്ഥാപനങ്ങളും 78 ക്വാർട്ടേഴ്സും കിൻഫ്രയുടെ ഓഫീസും ഉൾപ്പെടുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിനും കിൻഫ്രയ്ക്കും ഇവർ കൊടുത്ത കണക്കു പ്രകാരം 120 കിലോഗ്രാം സ്വർണാഭരണങ്ങൾ ഒരു ദിവസം ഇവിടെ സംസ്കരിക്കുന്നുണ്ട്. അതിന് വേണ്ടി കണക്കാക്കുന്നത് 26, 25 തൊഴിലാളികളെയാണ്. ഇത്രയും വലിയ അളവിലുള്ള ഉദ്പാദനത്തിന് വൻതോതിൽ തന്നെ രാസവസ്തുക്കൾ ഉപയോഗിക്കേണ്ടിവരും. ഇവരുടെ തന്നെ കണക്കു പ്രകാരം നോക്കിയാൽ ഒരു ദിവസം 48 ലിറ്റർ ആസിഡ് വേസ്റ്റ് പുറത്തുവരുന്നുണ്ട്. ഉദ്പാദന ഘട്ടത്തിൽ സ്വർണം ലയിപ്പിക്കാൻ ഹൈഡ്രോക്ലോറിക് ആസിഡും നൈട്രിക് ആസിഡും 3:1 അനുപാതത്തിൽ ചേർത്ത് ഉണ്ടാക്കുന്ന അക്വാറീജിയ സൃഷ്ടിക്കുന്ന പുക ഗുരുതര പ്രശ്നങ്ങളുണ്ടാക്കും. കൂടാതെ പൊട്ടാസ്യം സയനൈഡ്, കാഡ്മിയം, സിങ്ക്, കോപ്പർ ഓക്സൈഡ്, നിക്കൽ, റുഥീനിയം തുടങ്ങി വിവിധ രാസവസ്തുക്കൾ പല ഘട്ടങ്ങളിലായി ഉപയോഗിക്കേണ്ടതുണ്ട്. ഇത് ക്യാൻസർ, കരൾ രോഗങ്ങൾ, മെറ്റൽ ഫ്യൂം ഫീവർ തുടങ്ങിയ മാരക രോഗങ്ങൾക്ക് കാരണമാകും. ഇവിടെ നിന്നും പുറംതള്ളുന്ന പുക മൂലം കിൻഫ്രയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസ്ഥാപനങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസ്സമാകും. ലോക പരിസ്ഥിതിദിനത്തിൽ ഹർത്താൽ ആചരിച്ചുകൊണ്ടാണ് കിൻഫ്രയിലെ മറ്റെല്ലാ സംരംഭകരും തൊഴിലാളികളും ഇക്കാര്യത്തിൽ തങ്ങളുടെ പ്രതിഷേധമറിയിച്ചത്. രാസവസ്തുക്കളുടെ ഉപയോഗം കൂടാതെ ടൺ കണക്കിന് അവ ശേഖരിച്ചു വെക്കേണ്ടതായി വരും. ഒരു സുപ്രഭാതത്തിൽ ചോർച്ചയോ പൊട്ടിത്തെറിയോ സംഭവിച്ചാലുള്ള അവസ്ഥ എന്താകുമെന്ന് ഭോപ്പാൽ ദുരന്തം നമുക്ക് കാണിച്ചു തന്നിട്ടുണ്ട്. 3 കിലോഗ്രാം സ്വർണം ഉൽപാദിപ്പിച്ചിരുന്ന തിരുവണ്ണൂരിലെ ആഭരണ ശാല ബുദ്ധിമുട്ട് ഉണ്ടാക്കിയതിനാൽ ജനങ്ങൾ പൂട്ടിച്ചതും ഈയടുത്താണ്.

സിന്തൈറ്റ് കമ്പനി സൃഷ്ടിച്ച മലിനീകരണത്തിൽ നിന്നും കാക്കഞ്ചേരി നിവാസികൾ ഇനിയും മുക്തമായിട്ടില്ല. മുപ്പതിലധികം കിണറുകളിലെ വെള്ളം ആ കമ്പനി മലിനമാക്കിയിരിക്കുന്നു. നിരവധി പേർ അസുഖങ്ങൾ മൂലം ഇപ്പോഴും ബുദ്ധിമുട്ടുകയാണ്. മലബാർ ഗോൾഡ് എന്ന വലിയ ജ്വലറി ഗ്രൂപ്പിനെതിരെയുള്ള സമരമായതിനാൽ മാധ്യമങ്ങൾ പതിവായി അവഗണിച്ചിട്ടും കാക്കഞ്ചേരിക്കാർ ഈ സമരത്തിൽ ഉറച്ചുതന്നെയാണ്. കാക്കഞ്ചേരി പരിസ്ഥിതി സംരക്ഷണ സമിതി എന്ന പേരിൽ കക്ഷിരാഷ്ട്രീയ ഭേദമന്യേ എല്ലാ പാർട്ടികളെയും ഉൾപ്പെടുത്തി ഒരു സമിതി അവർ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പേരിലാണ് സമരപ്രവർത്തനങ്ങൾ നടക്കുന്നത്. ഹൈക്കോടതിയിലും ഹരിത ട്രൈബ്യൂണലിലും കേസ് നടക്കുന്നുമുണ്ട്. ആഭരണ നിർമ്മാണത്തിന് സ്റ്റേ നിലനിൽക്കുന്നുണ്ടെങ്കിലും ബിൽഡിംഗ് നിർമ്മാണം പുരോഗമിക്കുകയാണ്. ദിവസങ്ങൾക്ക് മുമ്പ് മെഷിനറികളുമായി വന്ന ലോറി നാട്ടുകാർ തടഞ്ഞിരുന്നു. ജോലികളടക്കം മാറ്റിവെച്ച് പന്തൽകെട്ടിയുള്ള സമരത്തിലാണ് നാട്ടുകാർ. ■